ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 25-05-2026

## പ്രധാനവാർത്തകൾ

1. ഗവർണറുടെ നയപ്രഖ്യാപനത്തിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം. സാമൂഹ്യനീതി വകുപ്പിൻറെ കീഴിലുള്ള വിഷയങ്ങൾ വയോജന വകുപ്പിൻറെ കീഴിൽ ഉൾപ്പെടുത്താനും തീരുമാനം.

2. എറണാകുളം മലയിടംതുരുത്ത് നിവാസികളെ കോടതി ഉത്തരവ് ലഭിച്ചാൽ പുനരധിവസിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഭൂമിയൊഴിപ്പിക്കൽ പ്രശ്ന പരിഹാരത്തിന് രണ്ടാഴ്ച സാവകാശം അനുവദിച്ച് ഹൈക്കോടതി.

3. ഓഗസ്റ്റ് 31 വരെയുള്ള കാലയളവിൽ അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ പി.എസ്.സി യോഗ തീരുമാനം.

4. സംസ്ഥാനത്ത് പ്ലസ് ടു, വി എച്ച് എസ് ഇ പരീക്ഷാ ഫലം നാളെ.

5. അട്ടപ്പാടി ആൾക്കൂട്ട കൊലപാതക കേസിലെ 12 പ്രതികളുടെ ശിക്ഷ, ജീവപര്യന്തമായി ഉയർത്തി ഹൈക്കോടതി.

6. കേരളത്തിൽ വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

***********************************

RNU TVPM

## ****വാർത്തകൾ വിശദമായി.....****

### പത്മ പുരസ്കാരങ്ങൾ

2026-ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. 66 പുരസ്കാരങ്ങളാണ് ഇന്ന് വിതരണം ചെയ്തത്. കേരളത്തിൽ നിന്നും വനമുത്തശ്ശി ദേവകി അമ്മ പത്മശ്രീ പുരസ്കാരം ഏറ്റുവാങ്ങി.

### നയപ്രഖ്യാപനം - മുഖ്യമന്ത്രി

ഗവർണറുടെ നയപ്രഖ്യാപനത്തിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം. നിയമസഭ ചീഫ് വിപ്പായി അപു ജോൺ ജോസഫിനെ നിയമിച്ചതായിതിരുവനന്തപുരത്ത് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. ഹൈക്കോടതി അഡീഷണൽ അഡ്വക്കേറ്റ് ജനറലായി കെ.സി. വിൻസെൻറിനെ നിയമിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ സാമൂഹ്യനീതി വകുപ്പിൻറെ കീഴിലുള്ള വിഷയങ്ങൾ പുതിയതായി രൂപീകരിക്കുന്ന വയോജന വകുപ്പിൻറെ കീഴിൽ ഉൾപ്പെടുത്താനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

### മന്ത്രിസഭാ യോഗം- (ഇൻട്രോ)

***എറണാകുളം മലയിടം തുരുത്തിലെ നിവാസികളെ കോടതി ഉത്തരവ് ലഭിച്ചാൽ പുനരധിവസിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. മഴക്കാല മുന്നൊരുക്കങ്ങൾക്കുള്ള തുക എല്ലാ ജില്ലകൾക്കും കൈമാറിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.***

(ഹോൾഡ് വോയ്സ്......)

RIJU TVPM

## മലയിടം തുരുത്ത് കുടിയൊഴിപ്പിക്കൽ

മലയിടംതുരുത്തിലെ ഭൂമിയൊഴിപ്പിക്കൽ പ്രശ്നം രമ്യമായി പരിഹരിക്കാൻ രണ്ടാഴ്ച്ച സാവകാശം അനുവദിച്ച് ഹൈക്കോടതി. ഭൂമിയൊഴിപ്പിക്കലിലെ ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി എറണാകുളം റൂറൽ എസ്പി നൽകിയ ഹർജിയിലാണ് ഉത്തരവ്. കോടതി വിധിയെ ബഹുമാനിക്കുന്നുവെന്നും ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സമാധാനപരമായ രീതിയിൽ ശ്രമം തുടരുമെന്നും സമരക്കാർ മാധ്യമങ്ങളോട് പറഞ്ഞു.

ꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮ

## റാങ്ക്ലിസ്റ്റ് കാലാവധി നീട്ടി

ഇന്ന് മുതൽ ഓഗസ്റ്റ് 31 വരെയുള്ള കാലയളവിൽ അവസാനിക്കുന്ന PSC റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു. നവംബർ 30 വരെ നീട്ടാൻ ഇന്ന് ചേർന്ന് PSC യോഗമാണ് തീരുമാനിച്ചത്.

RNU TVPM

ꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮ

## സപ്ലൈകോ നോട്ടുബുക്ക് പ്രകാശനം

കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവായ ആലിൻ ഷെറിൻ എബ്രഹാമിന്റെ സ്മരണയിൽ സപ്ലൈകോ പുറത്തിറക്കുന്ന നോട്ടുബുക്കുകളുടെ പ്രകാശനം ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ് നാളെ നിർവഹിക്കും. എറണാകുളത്ത് നടക്കുന്ന ചടങ്ങിൽ ആലിൻൻറെ മാതാപിതാക്കളെ ആദരിക്കും.

ꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮꙮ

## ക്ഷീരദിനാഘോഷം

ലോക ക്ഷീരദിനാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന് മുഖ്യമന്ത്രി വി ഡി സതീശൻ തിരുവനന്തപുരത്ത് നിർവഹിക്കും. രാവിലെ 11.30 ന് നടക്കുന്ന പരിപാടിയിൽ മന്ത്രി ബിന്ദു കൃഷ്ണ അദ്ധ്യക്ഷയാകും. **'Celebrating Women Farmers'** എന്നതാണ് ഈ വർഷത്തെ ലോക

ക്ഷീരദിന പ്രമേയം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, KLDB, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായ പരിപാടികൾ സംഘടിപ്പിക്കും.

ഝഞഝഞഝഞഝഞഝഞഝഞഝഞ

## മമ്മൂട്ടിക്ക് ഓണററി ഡോക്ടറേറ്റ്

ചലച്ചിത്ര താരം മമ്മൂട്ടിക്ക് മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആദരവ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചു. ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ പങ്കെടുത്തു.

ഝഞഝഞഝഞഝഞഝഞഝഞഝഞ

## സുപ്രീം കോടതി-നീറ്റ്

നീറ്റ് പരീക്ഷാ നടത്തിപ്പിലെ ആവർത്തിച്ചുള്ള വീഴ്ചകളിൽ സുപ്രീം കോടതി ആശങ്ക പ്രകടിപ്പിച്ചു. നേരത്തെയുണ്ടായ ചോദ്യപേപ്പർ ചോർച്ച വിവാദത്തിൽ നിന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഒരു പാഠവും പഠിക്കാത്തത് ദുഃഖകരമാണെന്ന് കോടതി നിരീക്ഷിച്ചു. കേന്ദ്ര സർക്കാർ, നാഷണൽ ടെസ്റ്റിംഗ് ഏജൻസി, സിബിഐ എന്നിവരിൽ നിന്നും പരമോന്നത കോടതി പ്രതികരണം തേടി.

RNU TVPM

ഝഞഝഞഝഞഝഞഝഞഝഞഝഞ

## അട്ടപ്പാടി കേസ് ഹൈക്കോടതി

അട്ടപ്പാടി ആൾക്കൂട്ടക്കൊലപാതകക്കേസിൽ കുറ്റക്കാരായ 12 പ്രതികൾക്ക് ജീവപര്യന്തം തടവുശിക്ഷ വിധിച്ച് ഹൈക്കോടതി. വിചാരണ കോടതി ഇവർക്ക് ഏഴ് വർഷത്തെ തടവാണ് വിധിച്ചിരുന്നത്. എന്നാൽ പട്ടികജാതി-പട്ടികവർഗ പീഡന നിരോധന നിയമത്തിലെ കർശനമായ വകുപ്പുകൾ കൂടി ചുമത്തിയാണ് ഹൈക്കോടതി ഇവരുടെ ശിക്ഷ ജീവപര്യന്തമായി ഉയർത്തിയത്. ഇതിനു പുറമെ പ്രതികൾ രണ്ട് ലക്ഷം രൂപ വീതം പിഴയും ഒടുക്കണം. പ്രതികളിൽ നിന്ന് ഈടാക്കുന്ന പിഴത്തുകയിൽ നിന്നും 30 ലക്ഷം രൂപ മരിച്ച മധുവിൻറെ അമ്മയ്ക്ക് നൽകാനും

കോടതി ഉത്തരവിട്ടിട്ടുണ്ട്. വിചാരണ കോടതി ശിക്ഷിച്ച ഒന്നാം പ്രതി ഹുസൈനെ ഹൈക്കോടതി കുറ്റവിമുക്തനാക്കിയിരുന്നു.

ഝഝഝഝഝഝഝഝഝഝഝഝഝഝ

## പ്ലസ് ടു ഫലം

സംസ്ഥാനത്ത് രണ്ടാം വർഷ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളുടെ ഫലം നാളെ പ്രസിദ്ധീകരിക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീനാണ് ഫല പ്രഖ്യാപനം നടത്തുന്നത്. അതേസമയം, പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഇന്ന് മുതൽ സമർപ്പിക്കാം. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്.

ഝഝഝഝഝഝഝഝഝഝഝഝഝഝ

## കണ്ണൂർ - (ഇൻട്രോ)

***കണ്ണൂർ സർവകലാശാലയുടെ പരീക്ഷാ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തപാൽ വകുപ്പിൻറെ ബുക്ക് നൗ പേ ലേറ്റർ പദ്ധതിക്ക് തുടക്കമായി. പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് ഉത്തരക്കടലാസുകൾ ഇതിലൂടെ ആയിരിക്കും ശേഖരിക്കുക.***

*ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.....*

*(വോയിസ്.......)*

ഝഝഝഝഝഝഝഝഝഝഝഝഝഝ

## മഴ

കേരളത്തിൽ വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ഇടുക്കി തൃശൂർ എന്നീ ആറ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

ഝഝഝഝഝഝഝഝഝഝഝഝഝഝ

RNUTVPM

## പാലക്കാട്- (ഇൻട്രോ)

*പാലക്കാട് ജില്ലയിൽ ഒന്നാം വിള നെൽകൃഷിക്കായി കീട രോഗ കാലാവസ്ഥ കലണ്ടർ തയ്യാറാക്കി. സ്റ്റേറ്റ് സീഡ് ഫാമിൻറെ നേതൃത്വത്തിൽ ഐ.ഐ.ടി യുടെ സഹകരണത്തോടെയാണ് കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്.*

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....*

*(വോയിസ്.........)*

## പ്രവൃത്തി ദിനം

ബക്രീദ് പ്രമാണിച്ചുള്ള അവധിയിൽ മാറ്റം വന്നതിനെ തുടർന്ന് തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിൻറെ പരിധിയിലുള്ള വഴുതക്കാട്, നെയ്യാറ്റിൻകര, കൊല്ലം എന്നിവിടങ്ങളിലെ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾക്ക് മെയ് 27 പ്രവൃത്തി ദിനമായിരിക്കും. ആറ്റിങ്ങൽ, പത്തനംതിട്ട എന്നിവിടങ്ങളിലെ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾക്കും ഇത് ബാധകമാണ്. അവധി മെയ് 28-ന് ആയതിനാൽ അന്നേ ദിവസത്തേക്ക് ബുക്ക് ചെയ്തിട്ടുള്ള എല്ലാ അപ്പോയിന്റ്മെന്റുകളും മെയ് 27-ലേക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

RNU TVPM

## പി.എൻ.പണിക്കർ

കേരളത്തിൻറെ സാംസ്കാരിക നവോത്ഥാനത്തിൻറെ പിതാവാണ് പി.എൻ. പണിക്കരെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. പി.പി. സത്യൻ രചിച്ച 'ലൈബ്രറി മാൻ ഓഫ് ഇന്ത്യ - ദി ട്രൂ സ്റ്റോറി ഓഫ് പി.എൻ. പണിക്കർ' എന്ന പുസ്തകത്തിൻറെ പ്രകാശനം ന്യൂഡൽഹിയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, രാജ്യസഭാ മുൻ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ഓഹരി സ്വർണ്ണം

ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,074 പോയിന്റ് ഉയർന്ന് 76,489 ലും, നിഫ്റ്റി 312 പോയിന്റ് ഉയർന്ന് 24,032 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കൂടി.പവന് 240 രൂപ വർധിച്ച് ഒരു ലക്ഷത്തി 16,880 രൂപയാണ് ഇന്നത്തെ വില.

RNU TVPM

RNU TVPM